പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ ഭരണ ചുമതലയും നടത്തിപ്പും പൂർണ്ണമായും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കീഴിലാണ്.

(ബി) പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി. ഒരു കുടുംബാരോഗ്യ കേന്ദ്രമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 x 7 അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാറില്ല.

(സി) കോവിഡ്മൂലം മരണമടഞ്ഞവർക്ക് പ്രത്യേക മരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആലോചനയുണ്ടോ?

പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി. ഒരു കുടുംബാരോഗ്യ കേന്ദ്രമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 x 7 അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാറില്ല. നിലവിൽ വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഡബ്ല്യു.എച്ച്.ഒ., ഐ.സി.എം.ആർ. തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾ പ്രകാരം രോഗിയെ ചികിത്സിച്ച ഡോക്ടർ തന്നെയാണ് മരണകാരണം കോവിഡാണോ അല്ലയോ എന്ന് സ്ഥിരീകരിക്കേണ്ടത്. മരണപ്പെട്ട് 24 മണിക്കൂറിനകം മരണവിവരം ജില്ലാ മെഡിക്കൽ ഓഫീസർ പോർട്ടലിൽ രേഖപ്പെടുത്തുകയും ഇത് പേരുസഹിതം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ ദിവസേനയുള്ള കോവിഡ് ബുള്ളറ്റിൻ വഴി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

223 (3250) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ ഒഴിഞ്ഞു കിടക്കുന്ന സെക്യൂരിറ്റി, സർജന്റ് എന്നീ സ്ഥിരം തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സെക്യൂരിറ്റി സർജന്റ് തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ മുന്നൂറ്റി അൻപതിൽപരം അന്തേവാസികളുള്ള സാഹചര്യം കണക്കിലെടുത്ത് ഡയറ്ററി യൂണിറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങൾക്കുമുമ്പ് അബോളിഷ് ചെയ്ത കൃക്കിന്റെ ആറ് തസ്തികകൾ പുനഃസ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) മാനസികരോഗികളുടെ പുനരധിവാസത്തിന് മുഖ്യ പങ്കുവഹിക്കുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികകൾ ഒന്നുവീതം മാത്രമാണ് പ്രസ്തുത സ്ഥാപനത്തിലുള്ളത് എന്നത് പരിഗണിച്ചും മുന്നൂറ്റി അമ്പതോളം അന്തേവാസികൾ ഉള്ള പ്രസ്തുത സ്ഥാപനത്തിൽ മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ജോലിഭാരം വളരെ കൂടുതലാണ് എന്നതിനാലും പഠന വൈകല്യ അസ്സെസ്മെന്റിനും മെഡിക്കൽ ബോർഡിനും മേൽപ്പറഞ്ഞ തസ്തികയിലുള്ളവരാണ് മേൽനോട്ടം വഹിക്കേണ്ടത് എന്നത് കണക്കിലെടുത്തും പ്രസ്തുത തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി)നിലവിൽ പരിഗണനയിലില്ല.

(ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നീ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തിക നിലവിലുണ്ടെങ്കിലും നിലവിൽ തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ മാത്രമാണ് ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ ജീവനക്കാരൻ ഉള്ളത് എന്നതും തിരുവനന്തപുരം-കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഒക്കുപ്പേഷണൽ തെറാപ്പി തസ്തിക ഒഴിഞ്ഞുകിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത തസ്തികയുടെ നിലവിലുള്ള റാങ്ക് ലിസ്റ്റ് കാലാവധി കഴിഞ്ഞതിനാൽ പുതിയ നിയമനങ്ങൾ നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടിയെടുക്കുമോ; അല്ലെങ്കിൽ താൽക്കാലിക നിയമനം നടത്തുമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെയുള്ള രണ്ട് ഒഴിവിൽ ഒരെണ്ണം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരെണ്ണം റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഓക്സിജൻ പ്ലാന്റ് നിർമ്മാണം

224 (3251) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;